## കലാപസമയത്തേക്കൊരു പെരുമാറ്റച്ചട്ടം

വിഭജനകാലത്ത് ഉത്തരേന്ത്യയിൽ അങ്ങോളമിങ്ങോളം വർഗീയകലാപങ്ങൾ കൊടുമ്പിരികൊള്ളുന്ന സമയത്ത് ജമാഅത്തെ ഇസ്‌ലാമി അതിന്റെ പ്രവർത്തകർക്ക് നൽകിയിരുന്ന നിർദേശങ്ങളാണ് ചുവടെ. വിഭജനാനന്തരം രാജ്യത്ത് അരങ്ങേറിയ കലാപങ്ങളിലും മാർഗനിർദേശങ്ങൾ ജമാഅത്തു പ്രവർത്തകർ മുറുകെപ്പിടിച്ചിട്ടുണ്ട്. ജമാഅത്തിനെതിരിൽ വർഗീയത ആരോപിക്കുന്നവർ ഇതൊന്ന് ശ്രദ്ധിച്ചു വായിക്കുന്നത് നന്നായിരിക്കും.

1. കലാപവേളയിൽ ജമാഅത്തു പ്രവർത്തകരുടെ ഏറ്റവും വലിയ രക്ഷാമാർഗം അവരുടെ ധാർമിക സമീപനവും സാമുദായികവും വംശീയവുമായ സങ്കുചിതത്വങ്ങളിൽനിന്ന് ഉയർന്നുനിന്ന് നന്മയിലേക്കും ക്ഷേമത്തിലേക്കുമുള്ള ക്ഷണവും ആയിരിക്കണം. ഇക്കാര്യത്തിൽ അവർ എത്രത്തോളം ഉറച്ചുനിൽക്കുന്നുവോ, എത്രകണ്ട് തിന്മയിൽനിന്ന് വിട്ടുനിൽക്കുകയും നന്മയിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നുവോ അത്രകണ്ട് അവർക്ക് രക്ഷയുണ്ടാവും. എത്രത്തോളം അവർ നിഷ്ക്രിയരാകുന്നുവോ അത്രത്തോളം അവർ അപകടത്തിലായിക്കുകയും ചെയ്യും.

2. കലാപവേളയിൽ ഏതെങ്കിലും ജമാഅത്തു പ്രവർത്തകനുനേരെ അക്രമണം നടക്കുകയാണെങ്കിൽ, ആക്രമണകാരിയെ കഴിയുന്നത്ര ഉപദേശിച്ചു നോക്കണം. ഉപദേശത്തിന് അവസരമില്ലെങ്കിൽ ആത്മരക്ഷക്കുവേണ്ടി അയാൾക്ക് കൈയുയർത്താവുന്നതാണ്. ഇതിനിടയിൽ ഒരാളെ കൊല്ലാൻ ഇടവന്നാൽതന്നെ മതദൃഷ്ട്യാ അയാൾ കുറ്റവാളിയായിരിക്കയില്ല. ആത്മരക്ഷക്കുവേണ്ടി കൈയുയർത്തുന്നവൻ അല്ലാഹുവിന്റെ മുമ്പിൽ നിരപരാധിയാണ്. സ്വയം പ്രതിരോധത്തിനിടയിൽ മരണപ്പെട്ടുപോയാലാകട്ടെ, അയാൾ രക്തസാക്ഷിയുമായിരിക്കും.

3. ഹിന്ദുവോ മുസ്‌ലിമോ ഒരാളെ ആക്രമിക്കുന്നതു കണ്ടാൽ അത് തടയുവാനും മർദിതനെ രക്ഷിക്കുവാനും പരമാവധി ശ്രമിക്കണം. ഇതിനുവേണ്ടി ജീവൻ അപകടപ്പെടുത്തേണ്ടി വന്നാൽ അതിനും തയാറാവണം.

4. കലാപത്തിനിടയിൽ ഏതെങ്കിലും വ്യക്തിയോ കുടുംബമോ ആപത്തിലകപ്പെട്ടാൽ, മുസ്‌ലിമോ അമുസ്‌ലിമോ എന്നു നോക്കാതെ, അഭയമർഥിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും സ്വയം മുന്നോട്ടു വന്ന് അവർക്ക് അഭയം നൽകണം. സ്വന്തം ജീവൻ അപകടപ്പെടുത്തിയാലും അവരെ രക്ഷിക്കാൻ ശ്രമിക്കണം.

5. കലാപസമയത്ത് കിട്ടുന്ന അവസരങ്ങളെല്ലാം ഉപയോഗിച്ചുകൊണ്ട് ജനങ്ങളെയും സാധ്യമാവുകയാണെങ്കിൽ കലാപകാരികളെയും ബോധവൽക്കരിക്കുവാനും അവരിൽ ദൈവഭയമുണ്ടാക്കുവാനും ശ്രമിക്കണം. അവർ മുസ്‌ലിംകളാണെങ്കിൽ ഇസ്‌ലാമിന്റെ യഥാർഥ ലക്ഷ്യവും അതുനേടുന്നതിനുള്ള ശരിയായ മാർഗവും അവർക്കു പറഞ്ഞുകൊടുക്കണം. സാമുദായിക കലാപവും സംഘർഷവും ഒരിക്കലും അല്ലാഹുവിങ്കൽ സ്വീകാര്യമാവുകയില്ലെന്ന് അവർക്ക് വ്യക്തമാക്കിക്കൊടുക്കണം. ഇനി അവർ അമുസ്‌ലിംകളാണെങ്കിൽ ദേശീയതയുടെ ദുഷ്ഫലങ്ങൾ അവരെ പറഞ്ഞുധരിപ്പിക്കണം. അതോടൊപ്പം, വല്ല സ്ഥലത്തും സംഘട്ടനം നടക്കുകയാണെങ്കിൽ സ്വാഭാവികമായും മുസ്‌ലിംകളുടെ ഭാഗത്തായിരിക്കും ജമാഅത്തു പ്രവർത്തകർ നിലയുറപ്പിക്കുക എന്നുകൂടി നിർദേശിക്കപ്പെട്ടിരുന്നു. എന്നാൽ ഈ പിന്തുണക്ക് വ്യക്തമായ മൂന്ന് ഉപാധികൾ ഉണ്ടായിരുന്നു.

1. പ്രതിരോധത്തിൽ മാത്രമേ നാം പങ്കെടുക്കുകയുള്ളൂ. മുസ്‌ലിംകൾ അതിക്രമം കാണിക്കുകയാണെങ്കിൽ നാം അവരോടൊപ്പം നിൽക്കുകയില്ല.

2. മുസ്‌ലിംകൾ ഇസ്‌ലാമികമായ പരിധികൾ പാലിക്കണം. അതായത് സ്ത്രീകൾ, കുട്ടികൾ, രോഗികൾ, ദുർബലർ, യാത്രക്കാർ തുടങ്ങിയവരെ ആക്രമിക്കരുരുത്. അങ്ങനെ ചെയ്താൽ നാം വിട്ടുപോകുന്നതായിരിക്കും.

3. സംഘട്ടത്തിനുശേഷം കേസുസംബന്ധമായ നടപടികളിലും ഇസ്‌ലാമിന്റെ പരിധികൾ പാലിക്കണം. അവർ കള്ളസാക്ഷി പറയുകയും നിരപരാധികളെ പിടികൂടുകയുമാണെങ്കിൽ നാം അവരുമായി വിടപറയുന്നതാണ്. കാരണം, ആദർശത്തെ യാതൊന്നിനും ബലി നൽകാൻ നാം തയാറല്ല. ലോകത്തിലെ ഏതൊരു കാര്യത്തിലും ഇസ്‌ലാമികപരിധികൾ പാലിച്ചുകൊണ്ടേ നമുക്ക് പങ്കുവഹിക്കാൻ സാധിക്കുകയുള്ളൂ.